കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.22/1828/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

മലപ്പുറം ജില്ല

തീയതി 02.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18,1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

എബികെ 11/17

നം.കെ.എസ്.എ.എം.പി.എം.22/1828/2017

തിയ്യതി:02.11.2017

മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. പഞ്ചായത്ത് 20-7-2016 മുതൽ 22-07-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകളിലേക്ക് അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14-07-2017മുതൽ 24-07-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം. മുഹമ്മദാലി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. മൂസ.ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ഷാജഹാൻ ഖുറൈശി.എം, സീനി. ഗ്രേഡ്. ഓഡിറ്റർ<br>ശ്രീ.കെ.ഷജീർ, ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. ജയറാം.പി.കെ | 1-4-2016മുതൽ 31-03-2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.ഷറഫുദ്ധീൻ | 1.4.16മുതൽ 23.5.2016വരെ |
| | ശ്രീമതി. ശാന്തി (ഹെഡ് ക്ലാർക്ക്) | 24.5.2016 മുതൽ |

| | | |
|---|---|---|
| | | 5.6.2016 വരെയും<br>1.1.2017മുതൽ 2.1.2017വരെയും |
| | ശ്രീ. ശ്രീകുമാർ (അസി.സെക്രട്ടറി) | 6.6.2016 മുതൽ18.7.2016വരെ |
| | ശ്രീ. വേണു | 19.7.2016 മുതൽ 31.12.2016വരെ |
| | ശ്രീ. സിജു. പി | 3.1.2017 മുതൽ 17.3.2017വരെ |
| | ശ്രീമതി. ജയ.ബി(അസി.സെക്രട്ടറി) | 18.3.2017മുതൽ 31.3.2017വരെ |
| കൃഷി ഓഫീസർ | വിജയശ്രീ | 1.4.16 മുതൽ 31.3.17വരെ |
| ഐ.സി.ഡി.എസ് | ഭാമിനി | 1.4.16 മുതൽ 31.3.17വരെ |
| അസി.എഞ്ചിനീയർ | മുജീബ്റഹ്മാൻ | 1.4.16 മുതൽ 31.3.17വരെ |
| വി.ഇ.ഒ | രാജു പട്ടുവിൽ | 1.4.16 മുതൽ 31.3.17വരെ |
| ഹെഡ്മാസ്റ്റർ | ബേബി ഗിരിജ | 1.4.16 മുതൽ 31.3.17വരെ |
| വെറ്ററിനറി സർജൻ | ഡോ. സവിത | 1.4.16 മുതൽ 31.3.17വരെ |
| മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ.സീമ | 1.4.16മുതൽ 31.3.17വരെ |
| മെഡിക്കൽ ഓഫീസർ<br>(സി.എച്ച്.സി) | ഷബാന ഷംസ് | 1.4.16 മുതൽ 31.3.17 വരെ |
| അസി.സെക്രട്ടറി | പി. ശ്രീകുമാർ | 1.4.16മുതൽ 4.11.16വരെ |
| | ശാന്തി. പി | 5.11.16 മുതൽ 8.1.17വരെയും<br>11.2.17മുതൽ 24.2.17 വരെയും |
| | ഗീത.പി | 9.1.17മുതൽ 10.2.17വരെ |
| | ജയ.ബി | 25.2.17 മുതൽ 31.3.17വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-1 |
| 12 | ലൈസൻസ് ഫീ- അപാകത | 2-2 |
| 13 | ലൈസൻസ്- സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | 2-3 |
| 14 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | 2-4 |
| | ഭാഗം 3 | |
| 15 | ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-1 |
| 16 | സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല. ഗ്രാമ പഞ്ചായത്തിന്റെ 1.41 കോടി രൂപ ലാപ്സായി | 3-2 |
| 17 | ഷീ-പാഡ് പദ്ധതി - നാളിതുവരെ ആരംഭിച്ചിട്ടില്ല | 3-3 |
| 18 | ഗ്രാമ പഞ്ചായത്ത് പദ്ധതി നിർവ്വഹണം ഒരു വിശകലനം | 3-4 |
| 19 | പെൻഷൻ അംശദാനം അടവാക്കിയിട്ടില്ല | 3-5 |
| 20 | ഉറവിട മാലിന്യ സംസ്കരണ പദ്ധതി ഉപേക്ഷിച്ചു; ശുചിത്വ മിഷൻ നൽകിയ തുക തിരിച്ചടച്ചു. | 3-6 |
| 21 | ഡെപ്പോസിറ്റ് പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല | 3-7 |
| 22 | ഡെപ്പോസിറ്റ് പ്രവൃത്തികൾ. 4 വർഷം കഴിഞ്ഞിട്ടും പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല. | 3-8 |
| 23 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-9 |
| 24 | ആധാർ കാർഡ് എടുത്തവർക്കുള്ള ഇൻസെന്റീവ്. ഒരു വർഷമായിട്ടും വിതരണം ചെയ്തില്ല | 3-10 |
| 25 | ഗ്രാമ പഞ്ചായത്ത് തീരുമാനം - തുടർ നടപടി വിവരം ലഭ്യമാക്കിയില്ല | 3-11 |
| 26 | മഴക്കാല പൂർവ്വ ശുചീകരണം- ചെലവുവിവരങ്ങൾ ലഭ്യമാക്കിയില്ല | 3-12 |
| 27 | ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല | 3-13 |
| 28 | പരിരക്ഷ- പാലിയേറ്റീവ് കെയർ യൂണിറ്റിന് ആവശ്യമായ മരുന്ന് ലഭ്യമാക്കിയില്ല. | 3-14 |
| | ഭാഗം 4 | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് 2.03.2017 തിയതിയിലെ 09 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31.7.2017 | 23.06.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 21.7.2017 | KSAMPM22/1828/2017 തീയതി 02.11.2017 ആയി ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങൾ |

വാർഷിക ധനകാര്യ പത്രിക പരിശോധന കുറിപ്പ്

1. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിങ്ങ് രീതിയിലേക്ക് മാറുന്നതിന്ന് മുമ്പുള്ള എല്ലാ ആസ്തികളും മൂല്യ നിർണ്ണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപെടുത്തിയിട്ടില്ല. 2016-17 ൽ ആർജ്ജിച്ച എല്ലാ ആസ്തികളും ഉൾപെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. AFSപ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, പിരിവ്, കുടിശ്ശിക എന്നിവ ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|
| AFS പ്രകാരം | രജിസ്റ്റർ പ്രകാരം | AFS പ്രകാരം | രജിസ്റ്റർ പ്രകാരം | AFS പ്രകാരം | രജിസ്റ്റർ പ്രകാരം |
| 3909187 | 4162510 | 2838216 | 2988789 | 1126516 | 1173721 |

3. 2015-16 വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി കുടിശ്ശിക 1706231 രൂപയാണ്. എന്നാൽ 2016-17

വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിശ്ശിക വരവ് 1720976 രൂപയുണ്ട്. കുടിശ്ശിക ഡിമാന്റിലും അധികരിച്ച് 14745 രൂപ വരവ് ഉണ്ട്. കുടിശ്ശികയുടെ വർഷം തിരിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

4. ഷെഡ്യൂൾ B-18പ്രകാരം അഡ്വാൻസ് ആയി കാണിച്ച 1642092 രൂപ (കോഡ് 460500201-തുക 1603000, കോഡ് 46050022- തുക 39092) 4 വർഷം മുമ്പ് KSEB, KWAഎന്നിവയിൽ ഡെപ്പോസിറ്റ് ചെയ്തതായാണ് അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. തുകയുടെ ക്രമീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക 3(8) ആയി പരാമർശിച്ചിട്ടുണ്ട്.

5. മുൻ വാർഷിക കണക്കിലെ അപാകതകൾ ഖണ്ഡിക (1.3) പരിഹരിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം 2016-17 | |
|---|---|
| മുന്നിരിപ്പ് | 14949087 |
| വരവ് | 39942408 |
| ആകെ | 54891495 |
| ചെലവ് | 34381797 |
| നീക്കിയിരിപ്പ് | 20509698 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിബാക്കി (RP 40 b പ്രകാരം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11544187 | 11544187 | 8852252 | 2691935 | 0 | 76.68 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3123702 | 3123702 | 1470164 | 1653538 | 0 | 47.06 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4268202 | 4268202 | 820352 | 3447850 | 0 | 19.22 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3133977 | 3133977 | 1415819 | 1718158 | 0 | 45.17 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 6474425 | 6474425 | 3648541 | 2825884 | 0 | 56.35 |

| | | | | | | | |
|---|---|---|---|---|---|---|---|
| ലോക ബാങ്ക് സഹായം | 0 | 3390377 | 3390377 | 1537460 | 1852917 | 0 | 45.35 |
| MGNREGS | 602 | 13090171 | 13090773 | 13064219 | | 26554 | 99.80 |
| ബി ഫണ്ട് | | 0 | 36176695 | 36176695 | 0 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എ ണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 182 | 44948687 | 81 | 22283346 | 8 | 93 | 44.50 |

## 1-7 തനത് വരുമാനം. 2016-17

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 31.35 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5058348 | 6769552 | 1711204 | 33.83 |
| നികുതിയേതര വരവുകൾ | 1023684 | 1219393 | 195709 | 19.12 |
| മറ്റുവരവുകൾ (ജനറൽ പർപ്പസ്) | | | 0 | 0 |
| ആകെ | 6082032 | 7988945 | 1906913 | 31.35 |

## 1-8 ക്ഷേമപദ്ധതികൾ 2016-17

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 89280 | 65 |
| കർഷകതൊഴിലാളി പെൻഷൻ | 3209200 | 373 |
| വിധവാപെൻഷൻ | 14183860 | 1228 |
| വാർദ്ധക്യകാലപെൻഷൻ | 13635245 | 1440 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 4055080 | 412 |
| 50 കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 859030 | 77 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

*1994*-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ *6(4)*-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന *14.7.17* ന് *10.30*ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ *21986* രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

അസി.എഞ്ചിനീയർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ TR-7A ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമല്ല | ജനവരി ഫെബ്രുവരി 2017 | 07.07.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ” | 2008-09 | 11.01.2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ , കടുങ്ങപുരം പോസ്റ്റ് ഓഫീസ്, പുഴക്കാട്ടിരി കള്ളുഷാപ്പ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2016-17 രണ്ടാം അർദ്ധ വർഷത്തിൽ ഈടാക്കിയിട്ടില്ല. അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി (11/ 22.7.2017 )ന് നൽകിയ മറുപടിയിൽ കടുങ്ങപുരം പോസ്റ്റ് ഓഫീസിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് അറിയിച്ചെങ്കിലും ആയതിന്റെ രേഖകൾ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ലൈസൻസ് ഫീ- അപാകത

2016-17 വർഷത്തെ ഭൂരിഭാഗം അപേക്ഷകളിലും ദിവസ വിറ്റുവരവ് രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിലെ കൃത്യത പരിശോധിക്കാനായില്ല. ദിവസ വിറ്റുവരവോ ഉപയോഗിക്കുന്ന യന്ത്രത്തിന്റെ പവറോ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. അപേക്ഷകളിൽ ഇത്തരം അത്യാവശ്യ വിവരങ്ങളെങ്കിലും രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പിക്കേണ്ടതും ലൈസൻസ് ഫീ ഈടാക്കുന്നതിന്റെ കൃത്യത ഫീൽഡ് പരിശോധന നടത്തി ഉറപ്പിക്കേണ്ടതുമാണ്.

## 2-3 ലൈസൻസ്- സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ടതായ എല്ലാ സ്ഥാപനങ്ങളും ഉൾക്കൊള്ളുന്ന സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഫീൽഡ് പരിശോധന നടത്തി പൂർണ്ണമായ സ്ഥാപന രജിസ്റ്റർ തയ്യാറാക്കേണ്ടതും ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-4 വസ്തുനികുതി ഈടാക്കിയതിൽ കുറവ്

ശ്രീ. മുനീർ അഹമ്മദ് എന്ന വ്യക്തിയുടെ ഭവനത്തിന് വസ്തുനികുതി ഈടാക്കിയപ്പോൾ താഴെ കാണും പ്രകാരം കുറവ് സംഭവിച്ചിട്ടുണ്ട് :

| | |
|---|---|
| കെട്ടിട നമ്പർ | I-440B |
| തറവിസ്തീർണ്ണം (124 * 2) | 394 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 4/ ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി (394*4 ) | 1576 രൂപ |
| (+) വർദ്ധനവ് - 15% (മേഖല) | 236.4 |
| ഈടാക്കേണ്ട വസ്തുനികുതി | 1812 രൂപ |
| ഈടാക്കിയ വസ്തുനികുതി | 1261 രൂപ. |
| ഈടാക്കിയതിൽ കുറവ് | 551 രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് | 91 രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 64 രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 27 രൂപ. |
| ആകെ കുറവ് (551 + 27 ) | 578 രൂപ. |

വസ്തുനികുതി ക്രമപ്രകാരം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

എ) ആശ്രയ ഒന്നാം ഘട്ട തുടർസേവന പദ്ധതി

ഗ്രാമ പഞ്ചായത്തിന്റെ ആശ്രയ ഒന്നാം ഘട്ട തുടർസേവന പദ്ധതി 2016-2019 കാലയളവിൽ നടപ്പാക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. 69 അഗതി കുടുംബങ്ങളാണ് പദ്ധതി ഗുണഭോക്താക്കൾ. വിവിധ സ്രോതസ്സുകളിൽ നിന്ന് 29,49,528 രൂപയാണ് പ്രോജക്ടിന് വകയിരുത്തിയത്.ഇതിൽ 18,54,828 രൂപ പഞ്ചായത്തിന് ലഭ്യമായെങ്കിലും 1,45,676 രൂപ മാത്രമേ ഓഡിറ്റുതിയതി വരെ ചെലവഴിച്ചിട്ടുള്ളൂ. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സേവന ഇനങ്ങൾ | ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം | സേവനം ലഭ്യമായ ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം | വകയിരുത്തിയ തുക | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| 1 | ഭക്ഷണം | 69 | 69 | 824400 | 824400 | 115500 |
| 2 | ചികിത്സ | 61 | 0 | 126600 | 126600 | 0 |
| 3 | ചികിത്സാ ക്യാമ്പ് | 61 | 0 | 227828 | 227828 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 4 | വിദ്യാഭ്യാസം | 19 | 19 | 91500 | 91500 | 30176 |
| 5 | വീട് | 4 | 0 | 1000000 | 250000 | 0 |
| 6 | വസ്ത്രം | 30 | 0 | 65700 | 0 | 0 |
| 7 | വീട് റിപ്പയർ | 23 | 0 | 575000 | 300000 | 0 |
| | റിസർവ് ഫണ്ട് | 69 | 0 | 12000 | 12000 | 0 |
| | മോണിറ്ററിംഗ് | | | 6500 | 2500 | 0 |
| | പദ്ധതി രൂപീകരണം | | | 20000 | 20000 | 0 |
| | ആകെ | | | 2949528 | 1854828 | 145676 |

പദ്ധതി കാലയളവ് പകുതി പിന്നിട്ടിട്ടും, വിഭാവനം ചെയ്തിരുന്ന പ്രവർത്തനങ്ങൾ പേരിനുമാത്രമാണ് നടപ്പാക്കിയത്.16.03.17 ന് തുടങ്ങിയ ഭക്ഷണക്കിറ്റ് വിതരണം മാത്രമാണ് നടക്കുന്നത്. കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതിന് 30176 രൂപയും ചെലവഴിച്ചു.മറ്റു അതിജീവനാവശ്യങ്ങളൊന്നും തന്നെ നിറവേറ്റിയിട്ടില്ല. പഞ്ചായത്തിന് ലഭിച്ച തുകയുടെ 7.85 % മാത്രമാണ് ചെലവഴിച്ചത്.

ബി) ആശ്രയ രണ്ടാം ഘട്ട പദ്ധതി

രണ്ടാം ഘട്ട ആശ്രയ പദ്ധതി 2014-2017 കാലയളവിൽ നടപ്പാക്കുന്നതിന് 18,96,500 രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കി. 38 അഗതി കുടുംബങ്ങളാണ് ഗുണഭോക്താക്കൾ. വിവിധ സ്രോതസ്സുകളിൽ നിന്ന് വകയിരുത്തിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ചലഞ്ച് ഫണ്ട് : 798000

ഗ്രാമ പഞ്ചായത്ത് വിഹിതം : 1070000

സന്നദ്ധ സേവനം : 28500

-------------

ആകെ 18,96,500 രൂപ

കാലയളവ് കഴിഞ്ഞിട്ടും പദ്ധതി നടപ്പാക്കിയത് നാമമാത്രമാണ്. അടങ്കൽ തുകയുടെ 16.67 % മാത്രമാണ് ചെലവഴിച്ചത്. പ്രോജക്ട് ലക്ഷ്യമിട്ടിരുന്നതും നടപ്പിലാക്കിയതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | സേവന ഇനങ്ങൾ | ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം | സേവനം ലഭ്യമായ ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം | വകയിരുത്തിയ തുക | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| 1 | ഭക്ഷണം | 38 | 38 | 459000 | 153000 | 144600 |
| 2 | ചികിത്സ | 36 | 0 | 162000 | 30867 | 0 |
| 3 | വിദ്യാഭ്യാസം | 12 | 12 | 40500 | 13500 | 13500 |
| 4 | വീട് | 3 | 0 | 750000 | 250000 | 0 |
| 5 | വസ്ത്രം | 10 | 0 | 28500 | 0 | 0 |
| 6 | വീട് റിപ്പയർ | 11 | 6 | 275000 | 175000 | 150000 |

| | | | | | | |
|---|---|---|---|---|---|---|
| 7 | കക്കൂസ് | 4 | 1 | 32000 | 32000 | 8000 |
| 8 | ചികിത്സാ ക്യാമ്പ് | | | 117000 | 39000 | 0 |
| 9 | അടിയന്തിരാവശ്യ നിർവഹണം | | | 4500 | 1500 | 0 |
| | പദ്ധതി രൂപീകരണം | | | 25000 | 25000 | 0 |
| | മോണിറ്ററിംഗ് | | | 3000 | 3000 | 0 |
| | ആകെ | | | 1896500 | 722867 | 316100 |

വകയിരുത്തിയ തുക മുഴുവനും ലഭ്യമാക്കുന്നതിനും ഗ്രാമ പഞ്ചായത്തിന് സാധിച്ചില്ല. 18.96 ലക്ഷം രൂപ പദ്ധതിക്കു വേണ്ടി വകയിരുത്തിയെങ്കിലും 7.22ലക്ഷം രൂപ മാത്രമാണ് ലഭ്യമായത്. ഗ്രാമ പഞ്ചായത്ത് വിഹിതമായി 1070000രൂപ വകയിരുത്തിയെങ്കിലും 470000രൂപയാണ് ലഭിച്ചത്. ചലഞ്ച് ഫണ്ട് 798000 രൂപ വകയിരുത്തിയതിൽ 252867 രൂപയാണ് ലഭിച്ചത്. സന്നദ്ധ സേവനമായി 28500 രൂപ വകയിരുത്തിയെങ്കിലും തുകയൊന്നും ലഭ്യമായില്ല.

2016-17 വാർഷിക പദ്ധതി സംബന്ധിച്ച മാർഗരേഖയായ സ.ഉ (എം.എസ്) 4/2016/തസ്വഭവ തിയതി : 11.01.16 നമ്പർ ഉത്തരവിലെ അനുബന്ധം 13 ൽ ആശ്രയ പദ്ധതി എപ്രകാരമാണ് നടപ്പാക്കേണ്ടതെന്ന് പ്രതിപാദിക്കുന്നുണ്ട്. ഈ നിർദ്ദേശങ്ങളൊന്നും പ്രോജക്ട് നിർവഹണത്തിൽ പാലിച്ചിട്ടില്ല. അന്നപൂർണ പദ്ധതി, അന്ത്യോദയ അന്ന യോജന പദ്ധതി എന്നിവ പ്രകാരം ഭക്ഷ്യധാന്യം ലഭ്യമാക്കണമെന്ന് ടി സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഭക്ഷണ കിറ്റ് നൽകുകയാണ് ചെയ്തത്.

കേരള ഗ്രാമീൺ ബാങ്ക് പുഴക്കാട്ടിരി ശാഖയിൽ ആശ്രയയ്ക്ക് രണ്ട് അക്കൗണ്ടുകളുണ്ട്. ഇതിലൊന്നിൽ 25.05.17 ന് 17,85,098 രൂപയും രണ്ടാമത്തേതിൽ 01.05.17 ന് 4,26,679 രൂപയും നീക്കിയിരിപ്പുണ്ട്.

സമൂഹത്തിൽ ഏറ്റവും പരിഗണനാർഹരായ അഗതികളുടെ സമഗ്ര പുനരധിവാസത്തിനുള്ള ഈ പദ്ധതി നടപ്പാക്കുന്നതിൽ കുറ്റകരമായ അനാസ്ഥയാണ് ഗ്രാമ പഞ്ചായത്ത് കാണിച്ചതെന്ന് മുകളിലെ കണക്കുകൾ വ്യക്തമാക്കുന്നു. ആസൂത്രണം ചെയ്ത പ്രകാരം ഫണ്ട് ലഭ്യമാക്കാനും സേവനങ്ങൾ നൽകാനും ഗ്രാമ പഞ്ചായത്തിനായില്ല.

മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ച് ആശ്രയ പ്രോജക്ട് നടപ്പാക്കേണ്ടതാണ്.

## 3-2 സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല. ഗ്രാമ പഞ്ചായത്തിന്റെ 1.41 കോടി രൂപ ലാപ്സായി

ഗ്രാമ പഞ്ചായത്തിന് സംസ്ഥാന സർക്കാരിൽ നിന്ന് ഗ്രാന്റ് ആയി ആകെ ലഭിച്ച 3.51 കോടി രൂപയിൽ 1.41 കോടി രൂപ, സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ ലാപ്സാവുകയുണ്ടായി. ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്.

ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിന് പ്ലാൻഫണ്ട്, മെയിന്റനൻസ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ മുൻ ബാക്കി ഉൾപെടെ 3.19 കോടി രൂപ വരവുണ്ടായിരുന്നു. എന്നാൽ ഇതിൽ 1.77കോടി രൂപയുടെ (55.56% മാത്രം) പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. 2016-17 വർഷം ലഭ്യമായ പദ്ധതി തുകയിൽ പകുതി തുകയും കാലഹരണപ്പെട്ടു.

ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട്

നിൽക്കുന്നതിനും കാരണമാകുന്നതാണ്.

സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്റ്റുകൾ രൂപീകരിച്ച് ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതും വരും വർഷങ്ങളിൽ ഇത്തരത്തിൽ പണം ലാപ്സാവുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി ഉൾപ്പെടെ ആക വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 11544187 | 8852252 | 2691935 |
| വികസനഫണ്ട് എസ്.സി.പി. | 3123702 | 1470164 | 1653538 |
| സംരക്ഷണഗ്രാന്റ് റോഡ് | 4268202 | 820352 | 3447850 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 3133977 | 1415819 | 1718158 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6474425 | 3648541 | 2825884 |
| പെർഫോമൻസ് ഗ്രാന്റ് | 3390377 | 1537460 | 1852917 |
| ആകെ | 31934870 | 17744588 | 14190282 |

## 3-3 ഷീ-പാഡ് പദ്ധതി - നാളിതുവരെ ആരംഭിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കടുങ്ങപുരം ഗവ. ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ വിതരണം ചെയ്യുന്നതിനുള്ള പ്രൊജക്റ്റാണ് ഷീ-പാഡ് പദ്ധതി (പ്രൊജക്റ്റ് നം.118/17). സ.ഉ (സാധാ) നം.280/16/ ത.സ്വ.ഭ.വ തീയതി. 25.01.2016 പ്രകാരം കേരള സംസ്ഥാന വനിത വികസന കോർപറേഷനാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിത്തുകയുടെ 50% വനിത വികസന കോർപറേഷന് മുൻകൂറായി നൽകുന്നതിനും ഈ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ച ശേഷം ബാക്കി തുക നൽകുന്നതിനും മേൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

പ്രൊജക്റ്റിന്റെ ഭാഗമായി, നാപ്കിൻ വിതരണം ചെയ്യാനും നാപ്കിൻ സൂക്ഷിക്കുന്നതിന് അലമാര വാങ്ങുന്നതിനും സ്കൂളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനും യഥാക്രമം 201000രൂപ, 18192രൂപ, 40242രൂപ എന്നിങ്ങനെ ആകെ 259434 രൂപ വികസന ഫണ്ട് വകയിരുത്തിയിട്ടുണ്ട്.

കടുങ്ങപുരം ഗവ. ഹയർ സെക്കന്ററി സ്കൂൾ ഹെഡ് മാസ്റ്റർ ഗ്രാമ പഞ്ചായത്തിന് 500 പെൺകുട്ടികളുടെ പട്ടിക സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഡിസംബർ മാസത്തിൽ തുക കൈമാറുമ്പോൾ അദ്ധ്യയന വർഷം 6 മാസം പിന്നിട്ടതിനാൽ പദ്ധതിക്ക് ആകെ ചെലവ് 158934 രൂപ കണക്കാക്കി (നാപ്കിൻ-100500 രൂപ, അലമാര- 18192രൂപ, ഇൻസിനറേറ്റർ-40242 രൂപ) അതിന്റെ 50% ആയ 79467രൂപ വൗച്ചർ നം. 21600512/ 02.12.16പ്രകാരം ഗ്രാമ പഞ്ചായത്ത് സംസ്ഥാന വനിത വികസന കോർപറേഷന് നൽകി. എന്നാൽ നാളിത് വരെയും പദ്ധതി ആരംഭിച്ചിട്ടില്ല. കോർപറേഷനുമായി ഗ്രാമ പഞ്ചായത്ത് കരാർ വച്ചിട്ടുപോലുമില്ല.

തുക അടവാക്കി 7 മാസം കഴിഞ്ഞിട്ടും പദ്ധതി ആരംഭിക്കാത്തത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല. പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം 79467രൂപ തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.ചെലവുതുക 79467രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-4 ഗ്രാമ പഞ്ചായത്ത് പദ്ധതി നിർവ്വഹണം ഒരു വിശകലനം

2016-17 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ ആകെ 181 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 92 പ്രൊജക്റ്റുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. മൊത്തം പദ്ധതികളിൽ 50% ശതമാനവും നടപ്പിലാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, വെറ്ററിനറി സർജൻ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പിലാക്കാൻ വിഭാവനം ചെയ്ത പ്രൊജക്റ്റുകളാണ് നടപ്പിലാക്കാതിരുന്നതിൽ ഭൂരിഭാഗവും. ഡയറി ഫാം ഇൻസ്ട്രക്ടർക്ക് ഒരു പ്രൊജക്റ്റ് മാത്രമാണ് ഉണ്ടായിരിന്നതെങ്കിലും അത് പോലും നിർവ്വഹണം നടത്തിയിട്ടില്ല. ഗ്രാമ സഭകൾ, വർക്കിങ് ഗ്രൂപ്പ്, വികസന സെമിനാർ തുടങ്ങിയവയിലൂടെ ഉരുത്തിരിഞ്ഞ് വരുന്ന പ്രൊജക്റ്റുകൾ ആവശ്യമായ ഫണ്ട് മുൻകൂറായി ലഭ്യമായിട്ട് പോലും നടപ്പിലാക്കാതിരിക്കുന്നത് ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പ്രൊജക്റ്റുകൾ | നടപ്പിലാക്കിയ പ്രൊജക്റ്റുകൾ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 29 | 15 | 8362600 | 2931070 | 35.05 |
| അസി. സെക്രട്ടറി | 8 | 2 | 2150000 | 840000 | 39.07 |
| അസി. എഞ്ചിനീയർ | 110 | 44 | 18332125 | 6007264 | 32.78 |
| മെഡിക്കൽ ഓഫീസർ, CHC | 5 | 4 | 1075000 | 852174 | 79.27 |
| മെഡിക്കൽ ഓഫീസർ, (Homeo) | 1 | 1 | 100000 | 100000 | 100 |
| ഹെഡ് മാസ്റ്റർ | 2 | 2 | 1500000 | 1499700 | 99.98 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 0 | 526000 | 0 | 0 |
| വി.ഇ.ഒ | 9 | 8 | 3814400 | 2796250 | 73.31 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 5454612 | 4959250 | 90.92 |
| കൃഷി ഓഫീസർ | 7 | 7 | 2228950 | 1843538 | 82.71 |
| വെറ്ററിനറി സർജൻ | 3 | 3 | 1405000 | 454100 | 32.32 |
| | 181 | 92 | 44948687 | 22283346 | 49.58 |

## 3-5 പെൻഷൻ അംശദാനം അടവാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ ചുവടെ ചേർത്ത ജീവനക്കാർക്ക് ശമ്പള കുടിശ്ശിക നൽകിയപ്പോൾ കുടിശ്ശിക തുകയിൽ ഉൾപ്പെട്ട അടിസ്ഥാന ശമ്പളത്തിന്റെ 15% പെൻഷൻ അംശദാനമായി സർക്കാറിലേക്ക് അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു..

| ക്രമ നം. | വൗച്ചർ നം./ തിയതി | വിവരണം | അരിയർ പേ | അടവാക്കേണ്ട പെൻഷൻ അംശദാനം. (15%) |
|---|---|---|---|---|
| 1 | 21600030/ | ശ്രീമതി. ജാനകി, ഓഫീസ് | 47340 | 7101 |

| | | | | |
|---|---|---|---|---|
| | 7.4.2016 | അറ്റന്റന്റിന്റെ 8/12 മുതൽ 10/15 വരെയുള്ള ഹയർ ഗ്രേഡ് കുടിശ്ശിക നൽകിയത് - 82133 രൂപ | | |
| 2 | 21600200/ 24.6.2016 | ശ്രീ.ഷറഫുദ്ധീൻ, സെക്രട്ടറിയുടെ 2/16 മുതൽ 4/16 വരെയുള്ള പേ റിവിഷൻ കുടിശ്ശിക നൽകിയത് - 26046 രൂപ | 83040 | 12456 |
| ആകെ | | | | 19557 |

19557 രൂപ പെൻഷൻ അംശദാനമായി സർക്കാറിലേക്ക് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 ഉറവിട മാലിന്യ സംസ്കരണ പദ്ധതി ഉപേക്ഷിച്ചു; ശുചിത്വ മിഷൻ നൽകിയ തുക തിരിച്ചടച്ചു.

ഗ്രാമ പഞ്ചായത്തിന്റെ 2012-13 വർഷത്തെ ഉറവിട മാലിന്യ സംസ്കരണ പദ്ധതി പ്രകാരം 50 ബയോഗ്യാസ് പ്ലാന്റിനും 50 റിംഗ് കമ്പോസ്റ്റിനും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.11.12ലെ SM/C1/3692(ബി)/2012 നമ്പർ കത്ത് മുഖേന സാങ്കേതികാനുമതി ലഭിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 26.03.2013 ന് 183750 രൂപ ഒന്നാം ഗഡുവും 31.07.2014 ന് 122500രൂപ രണ്ടാം ഗഡുവും ശുചിത്വ മിഷൻ ഗ്രാമ പഞ്ചായത്തിന് അനുവദിക്കുകയുണ്ടായി. ഇതിൽ ഒന്നാം ഗഡു മുഴുവൻ ചെലവഴിച്ചു.

എന്നാൽ റിംഗ് കമ്പോസ്റ്റ് പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വന്നതിനാൽ ഉപേക്ഷിക്കുകയും ആയതിന് പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കൾക്ക് തിരിച്ച് നൽകുകയും ചെയ്തു.

പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ ശുചിത്വ മിഷൻ വിഹിതമായ 122500രൂപ ശുചിത്വ മിഷന് തിരിച്ച് കൊടുക്കാൻ 02.04.2016 ലെ I(2) -ാം നമ്പർ തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്ത് തീരുമാനിക്കുകയും 21600050/20.04.2016 നമ്പർ വൗച്ചർ മുഖേന 122500രൂപ തിരിച്ചടക്കുകയും ചെയ്തു.

വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭ്യമാകുന്ന ഫണ്ടുകൾ നിർദ്ദിഷ്ടാവശ്യങ്ങൾക്ക് വിനിയോഗിക്കാതെ തിരിച്ചടവാക്കുന്നത് ശരിയായ നടപടിയല്ല. ഗുണഭോക്താക്കളെ കണ്ടെത്തി വിഹിതവും പിരിച്ചെടുത്ത ശേഷം പദ്ധതി ഉപേക്ഷിച്ചത് പദ്ധതി ആസൂത്രണ-നിർവഹണത്തിലെ പാളിച്ചയാണ്. ഇതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-7 ഡെപ്പോസിറ്റ് പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

വിവിധ പ്രവൃത്തികൾക്ക് ചുവടെ ചേർത്ത പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തികളുടെ പൂർത്തീകരണ-മൂല്യനിർണയ വിവരം ലഭ്യമാക്കിയിട്ടില്ല.

A) നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

| ക്രമ നം. | പ്രവൃത്തി | വൗച്ചർ നം./ തിയതി | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ<br>പ്രോജക്ട് നം. 79/17 | 21600822/ 06.03.17 | 400000 | കേരള വാട്ടർ അതോറിറ്റി. പി.എച്ച് ഡിവിഷൻ. മലപ്പുറം |
| 2 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ രണ്ടാം ഘട്ടം പ്രോജക്ട് നം. 194/17 | 21600820/ 06.03.17 | 675425 | ,, |
| 3 | ,, | 21600819/ 06.03.17 | 9575 | ,, |
| 4 | അംഗൻവാടികൾക്ക് കുടിവെള്ള | 21600821/ | 100000 | ,, |

| | | | | |
|---|---|---|---|---|
| | കണക്ഷൻ<br>പ്രോജക്ട് നം. 187/17 | 06.03.17 | | |
| ആകെ | | | 1185000 | |

B)നിർവഹണ ഉദ്യോഗസ്ഥൻ : അസി. സെക്രട്ടറി

| ക്രമ നം. | പ്രവൃത്തി | ബിൽ നം./ തിയതി | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 1/10.03.17 | 4,90,000 | കേരള വാട്ടർ അതോറിറ്റി. |

ടി പ്രവൃത്തികളുടെ പൂർത്തീകരണ-മൂല്യനിർണയ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവുതുക 16,75,000 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-8 ഡെപ്പോസിറ്റ് പ്രവൃത്തികൾ. 4 വർഷം കഴിഞ്ഞിട്ടും പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.

2016-17വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ B-18പ്രകാരം വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്തതായി കാണിച്ച 1642092 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് 4 വർഷം കഴിഞ്ഞിട്ടുണ്ട്. 2015-16 വാർഷിക ധനകാര്യ പത്രികയിലും ഇതേ തുക രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയത് പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റേണ്ടതും സാംഖ്യയിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതുമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | തുക | ഡെപ്പോസിറ്റ് ചെയ്ത തീയ്യതി | സ്ഥാപനം |
|---|---|---|---|
| കല്ലാംകുന്ന് കോളനി കുടിവെള്ള ടാങ്ക് അറ്റകുറ്റപണി | 50000 | 1.4.2013 | കേരള വാട്ടർ അതോരിറ്റി |
| തുറവൂർ SC കോളനി കുടിവെള്ള പദ്ധതി | 250000 | „ | „ |
| മിനി വാട്ടർ സപ്ലൈ മണ്ണംകുളം-പോത്തുണ്ട് | 170000 | „ | „ |
| ചട്ടിപ്പറമ്പ് കോളനി കുടിവെള്ള പദ്ധതി | 130000 | „ | „ |
| പരവക്കൽ ചെറുകുന്ന് കോളനി കുടിവെള്ള പദ്ധതി | 135000 | „ | „ |
| രാമപുരം വാരിയം കോളനി മിനി വാട്ടർ സപ്ലൈ | 125000 | „ | „ |
| മഞ്ഞളാംകുഴി കോളനികുടിവെള്ള പദ്ധതി | 350000 | „ | „ |
| വഴിക്കടവ് കുടിവെള്ള പദ്ധതി | 200000 | „ | „ |
| വള്ളുവ പറമ്പ് കുടിവെള്ള പദ്ധതി പുനരുദ്ധാരണം | 75000 | „ | „ |
| പാതിരമണ്ണ റിലീഫ് കുടിവെള്ള | 75000 | „ | „ |

| | | | |
|---|---|---|---|
| പദ്ധതി | | | |
| മൂർക്കനാട് കുടിവെള്ള പദ്ധതി പഞ്ചായത്ത് വിഹിതം | 43000 | „ | „ |
| വെട്ടകാട് അംഗൻവാടി വൈദ്യുതീകരണം | 21449 | 31.10.2013 | KSEB |
| രാമപുരം തെക്കേപുരം അംഗൻവാടി വൈദ്യുതീകരണം | 17643 | „ | „ |

ഓഡിറ്റ് എൻക്വയറി /21.7.2017 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-9 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി ചുവടെ കാണിച്ച വൗച്ചറുകൾ മുഖേന നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| ക്രമ നം. | വിവരണം | വൗച്ചർ നം./ തിയതി | തുക |
|---|---|---|---|
| 1 | മൃഗങ്ങളുടെ ജനന നിയന്ത്രണ പദ്ധതിക്ക് മലപ്പുറം മൃഗ സംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് വിഹിതം നൽകിയത്.<br>പ്രോജക്ട് നം. 180/17 | 21600768/<br>28.02.17 | 100000 |
| 2 | ജില്ലാ പ്ലാനിംഗ് ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ വിഹിതം നൽകിയത്.<br>പ്രോജക്ട് നം. 183/17 | 21600816/<br>06.03.17 | 200000 |
| 3 | സാമൂഹ്യ സുരക്ഷാ മിഷന് തുക നൽകിയത്.<br>പ്രോജക്ട് നം. 186/17 | 21600817/<br>06.03.17 | 100000 |
| 4 | IAY പദ്ധതിക്ക് അധിക വിഹിതം മങ്കട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയത്<br>പ്രോജക്ട് നം. 46/17 | 21600954/<br>30.03.17 | 80000 |
| ആകെ | | | 480000 |

ടി തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവുതുക 480000 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-10 ആധാർ കാർഡ് എടുത്തവർക്കുള്ള ഇൻസെന്റീവ്. ഒരു വർഷമായിട്ടും വിതരണം ചെയ്തില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ (MGNREGS) രജിസ്റ്റർ ചെയ്ത ദാരിദ്ര്യ രേഖക്ക് താഴെയുള്ള തൊഴിലാളികൾക്ക് ആധാർ കാർഡ് എടുത്തതിനുള്ള ഇൻസെന്റീവ് ഇനത്തിൽ പദ്ധതിയുടെ ജില്ലാ കോ-ഓർഡിനേറ്ററിൽ നിന്നും 6.8.2016 തീയ്യതിയിൽ ലഭ്യമായ 227700 രൂപ നാളിത് വരെയായിട്ടും അർഹരായ വ്യക്തികൾക്ക് വിതരണം ചെയ്തിട്ടില്ല. 1518കുടുംബങ്ങൾക്ക് 150 വീതം നൽകാനായി ലഭ്യമായ പ്രസ്തുത തുക ARD 58,59,60,81,101, 109,144,170 എന്നിവിടങ്ങളിൽ വെച്ച് വിതരണം ചെയ്യാൻ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിരുന്നു എങ്കിലും -24.10.2016 ലെ IV(1) -ാം നമ്പർ തീരുമാനം - ഇത് വരെയും പ്രാവർത്തികമാക്കിയിട്ടില്ല. പെരിന്തൽമണ്ണ കോ-ഓപ് അർബൻ ബാങ്കിന്റെ പുഴക്കാട്ടിരി ശാഖയിൽ 0004001000002355 നമ്പർ ആയി ഗ്രാമ പഞ്ചായത്തിനുള്ള അക്കൗണ്ടിലാണ് തുക ക്രഡിറ്റ് ചെയ്തിട്ടുള്ളത്. തുക

എത്രയും വേഗം ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്ത് ഓഡിറ്റിന് വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-11 ഗ്രാമ പഞ്ചായത്ത് തീരുമാനം - തുടർ നടപടി വിവരം ലഭ്യമാക്കിയില്ല

I.ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിന്റെ ചുവടെ കാണിച്ച തീരുമാനങ്ങളുടെ തുടർ നടപടി വിവരം ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല.

| യോഗ തീയ്യതി/തീരുമാനം | വിഷയം |
|---|---|
| 27.8.16 ലെ VIII(6) -ാം നമ്പർ തീരുമാനം | കട്ടിലശ്ശേരി അംഗൻവാടിയിൽ സ്വപ്നം ന്യൂട്രിമിക്സ് യൂണിറ്റ് വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങൾ പഴകിയതും, പുഴു അരിച്ചതുമാണെന്ന പരാതിയെ കുറിച്ച് അന്വേഷിക്കണമെന്ന മങ്കട CDPOയുടെ പരാതി പരിശോധിക്കുകയും, പ്രസ്തുത യൂണിറ്റിന് നോട്ടീസ് നൽകുന്നതിനും ICDSസൂപ്പർവൈസറിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു. |
| 24.10.2016 ലെ VIII-ാം നമ്പർ തീരുമാനം | സാമൂഹ്യ ക്ഷേമ പെൻഷൻ തുക അധികം കൈപറ്റിയ താഴെ കാണിച്ച ഗുണഭോക്താക്കളിൽ നിന്ന് ആയത് ഈടാക്കാൻ തീരുമാനിച്ചു.<br>1. ശ്രീമതി കദിയുമ്മക്കുട്ടി, പറവത്ത് വീട്. പി.ഒ കടുങ്ങപുരം. 11200 രൂപ അധികം കൈപറ്റി. (വിധവ പെൻഷൻ). |

II. ഗ്രാമ പഞ്ചായത്ത് തീരുമാനങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയില്ല/ സാക്ഷ്യപ്പെടുത്തിയില്ല

ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ ചുവടെ കാണിച്ച യോഗ തീരുമാനങ്ങൾ പൂർണ്ണമായും രേഖപ്പെടുത്താതെയും,സാക്ഷ്യപ്പെടുത്താതെയും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| യോഗ തീയ്യതി/തീരുമാനം | പേജ് നമ്പർ | കുറിപ്പ് |
|---|---|---|
| 1.12.2016 | പേജ് 15 | പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 20.12.2016 | പേജ് 19 | 2016-17 ലെ പദ്ധതി ചെലവ് പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. |
| 20.12.2016 II(2) | പേജ് 23 | MGNREGS വരവ് ചെലവ് കണക്ക് പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. |
| 20.12.2016 | പേജ് 33 | പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-12 മഴക്കാല പൂർവ്വ ശുചീകരണം- ചെലവുവിവരങ്ങൾ ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 3/17 നം. പ്രൊജക്ടിന്റെ ഭാഗമായി മഴക്കാല പൂർവ്വ ശുചീകരണത്തിനായി വാർഡൊന്നിന് 10000 രൂപ വീതം 17 വാർഡുകൾക്ക് ആകെ 170000 രൂപ വൗച്ചർ നം. 21600772/28.02.2017മുഖേന തനത് ഫണ്ടിൽ നിന്ന് പുഴക്കാട്ടിരി സാമൂഹ്യാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 6/22.07.17 മുഖേന ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ശുചിത്വ മിഷനിൽ നിന്ന് തുക ലഭ്യമാകുന്ന മുറക്ക് തനത് ഫണ്ടിലേക്ക് തുക റീക്കൂപ്പ് ചെയ്യുന്നതാണെന്ന് പ്രൊജക്ട് നിർദ്ദശമുണ്ട്. ആയത് പ്രകാരം തുക റീ ക്കൂപ്പ് ചെയ്തതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവുതുക

1,70,000 രൂപ ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-13 ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണ ഉദ്യോഗസ്ഥനായ 'ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ' എന്ന പദ്ധതി (s0063/2017)പ്രകാരം മെയിന്റനൻസ് ഫണ്ടിൽ നിന്ന് 100,000 രൂപ പിൻവലിച്ച് 17.03.2017 ന് കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപറേറ്റീവ് ഫാർമസി ലി. എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2 /20.7.2017ന് മറുപടി നൽകിയിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നത് വരെ ചെലവ് തുക 100000/- രൂപ തടസ്സം ചെയ്യുന്നു.

## 3-14 പരിരക്ഷ- പാലിയേറ്റീവ് കെയർ യൂണിറ്റിന് ആവശ്യമായ മരുന്ന് ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ, (സി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായ, പരിരക്ഷ- പാലിയേറ്റീവ് കെയർ എന്ന പദ്ധതി (s0053/2017)യുടെ ഭാഗമായി പാലിയേറ്റീവ് കെയർ യൂണിറ്റിന് ആവശ്യമായ മരുന്ന് വാങ്ങുന്നതിന് വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയിൽ നിന്ന് 402477 രൂപ പിൻവലിച്ച് 20.03.2017 ന് കാരുണ്യ ഹോസ്പിറ്റൽ കമ്മ്യൂണിറ്റി ഫാർമസി, നിലമ്പൂർ എന്ന സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 252016 രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. അവശേഷിക്കുന്ന 150461 രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 /20.7.2017ന് മറുപടി നൽകിയിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 126000 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി | 0 | 126000 |
| | 2016-17 | 350000 | വില്ലേജ് പടി-നേർച്ചപ്പള്ളി റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 0 | 350000 |
| | 2016-17 | 150000 | ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 147400 | 2600 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടി വെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- രണ്ടാം ഘട്ടം | 685000 | 0 | 685000 |

| | | | | |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടി വെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- ഒന്നാം ഘട്ടം | 400000 | 0 | 400000 |
| കേരള വാട്ടർ അതോറിറ്റി | അംഗനവാടി കുടിവെള്ള കണക്ഷൻ | 100000 | 0 | 100000 |
| കേരള വാട്ടർ അതോറിറ്റി | കുടി വെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- എസ്.സി.പി. | 490000 | 0 | 490000 |
| കേരള വാട്ടർ അതോറിറ്റി | കുടി വെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 79/17 | 400000 | 0 | 400000 |
| കേരള വാട്ടർ അതോറിറ്റി | കുടി വെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- രണ്ടാംഘട്ട പ്രൊജക്ട് 194/17 | 675425 | 0 | 675425 |
| കേരള വാട്ടർ അതോറിറ്റി | “ | 9575 | 0 | 9575 |
| കേരള വാട്ടർ അതോറിറ്റി | അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ പ്രൊജക്ട് നം. 187/17 | 100000 | 0 | 100000 |
| കേരള വാട്ടർ അതോറിറ്റി | കുടി വെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 490000 | 0 | 490000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

അഡ്വാൻസ് നൽകിയിട്ടില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

- ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 28800 രൂപയുടെ വരവുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ ഓഫീസിൽ ലഭ്യമല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2006-07 | 3(6) | 2008-09 | | സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് തുക തിരിച്ചടവാക്കിയില്ല | തടസ്സം തുടരുന്നു |
| 2010-11 | 3(18) | 2013-14 | | ലഘു അവലോകനം | " |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ)* സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39942408 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34381797 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2654928 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം- ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 79467 | ശ്രീ. വേണു, സെക്രട്ടറി |
| 3-7(എ) | 1185000 | ശ്രീ.സിജു.പി, സെക്രട്ടറി |
| 3-7 (ബി) | 490000 | ശ്രീമതി.ജയ.ബി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 (ഭാഗികം) | 400000 | ശ്രീ.സിജു.പി, സെക്രട്ടറി |
| 3-9 (ഭാഗികം) | 80000 | ശ്രീമതി.ജയ.ബി,അസിസ്റ്റന്റ് സെക്രട്ടറി |
| 3-12 | 170000 | ശ്രീ.സിജു.പി, സെക്രട്ടറി |
| 3-13 | 100000 | ഡോ.സീമ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-14 | 150461 | ഡോ. ഷബാന ഷംസ്, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) |
| ആകെ | 26,54,928 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം- ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ- ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | തീർപ്പാക്കാൻ |
|---|---|---|

| | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽഎഫ്.എം.14/3252/16/28.10.16 | 1 |
| 1997-98 | എൽ.എഫ്.എം. 14 /348/01 /14.02.11 | 29 |
| 1998-99 | എൽ.എഫ്.എം.14 / 746/03/14.02.11 | 16 |
| 1999-00 | എൽ.എഫ്.എം.15/1580 /06/14.02.11 | 12 |
| 2000-01 | എൽ.എഫ്.എം.12/ 1530/06/14.02.11 | 03 |
| 2001-02 | എൽ.എഫ്.എം.12/ 2162/07/14.02.11 | 17 |
| 1999-00മുതൽ 2001-02 (ചെലവ്) | എൽ.എഫ്.എം. 12 / 931/04/14.02.11 | 07 |
| 2002-03 | എൽ.എഫ്.എം. 12 /69/ 08/14.02.11 | 24 |
| 2003-04 | എൽ.എഫ്.എം.12/ 70/08/14.02.11 | 19 |
| 2004-05 | എൽ.എഫ്.എം.12/71/ 08 /14.02.11 | 30 |
| 2005-06 | എൽ.എഫ്.എം.12/ 1169/08/14.02.11 | 28 |
| 2006-07 | എൽ.എഫ്.എം.12/1170 /08/14.02.11 | 17 |
| 2007-08 | എൽ.എഫ്.എം14./ 2473/13/20.06.14 | 06 |
| 2008-09 | എൽ.എഫ്.എം.14/2474/13/20.06.14 | 10 |
| 2009-10 | എൽ.എഫ്.എം14./ 2475/13/ 20.06.14 | 09 |
| 2010-11 | എൽ.എഫ്.എം. 14 /204 /14/ 07.02.14 | 15 |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം.14 /1553/2015തി.11.12.16 | 9 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം/14 /2011/2016 തി.3.8.2016 | 12 |
| 2015-16 | കെ.എസ്.എ.എം.പി.എം/14 /3025/2016 തി.28.01.2017 | 18 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം